പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
Vanross Junction, Kerala University P.O., Thiruvananthapuram – 695 034
Phone : 0471 – 2326603/04/05E-mail : pro.cpcr@gmail.com

27.10.2021

# കുട്ടിയുടെ സ്വകാര്യതയെ ബാധിക്കുന്ന വിവരം മാധ്യമങ്ങൾ പ്രസിദ്ധീകരിക്കരുതെന്ന് ബാലാവകാശ കമ്മീഷൻ

ദത്ത് നൽകിയതുമായി ബന്ധപ്പെട്ട് കുട്ടിയുടെയും ദത്തെടുക്കുന്ന മാതാപിതാക്കളുടെയും സ്വകാര്യതയെ ബാധിക്കുന്ന യാതൊരു വിവരങ്ങളും മാധ്യമങ്ങൾ പ്രസിദ്ധീകരിക്കരുതെന്ന് സംസ്ഥാന ബാലാവകാശ കമ്മീഷൻ ഉത്തരവായി. ദത്ത് നടപടിയുമായി ബന്ധപ്പെട്ട് വരുന്ന മാധ്യമ വാർത്തകൾ കുട്ടിയുടെ സ്വകാര്യതയെ ബാധിക്കുന്ന സാഹചര്യത്തിൽ കമ്മീഷൻ സ്വമേധയാ നടപടി സ്വീകരിച്ചാണ് ചെയർപേഴ്സൺ കെ വി മനോജ് കുമാർ അംഗങ്ങളായ കെ നസീർ, ഫാദർ ഫിലിപ്പ് പരക്കാട്ട് എന്നിവരടങ്ങുന്ന ഫുൾ ബെഞ്ചാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

ദത്ത് നൽകിയ കുട്ടിയുടേയോ രക്ഷിതാക്കളുടെയോ സ്വകാര്യത ലംഘിക്കുന്ന യാതൊരു വിവരവും അച്ചടി-ദൃശ്യ-ശ്രാവ്യ-സാമൂഹിക മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യരുത്. ബോധവൽക്കണത്തിന്റെ ഭാഗമായി ഇക്കാര്യം ആഭ്യന്തര സെക്രട്ടറിയും പോലീസ് മേധാവിയും തങ്ങളുടെ ഫേയ്സ് ബുക്ക്, ടിറ്റർ തുടങ്ങിയ അക്കൗണ്ടുകൾ വഴി നൽകണം. കുട്ടിയെ തന്നിൽ നിന്നും വേർപെടുത്തിയതായി കാണിച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിക്കപ്പെട്ട കേസിലെ കുട്ടിയുടെയോ ദത്ത് അപേക്ഷകരായ മാതാപിതാക്കളുടെയോ യാതൊരു സ്വകാര്യ വിവരവും മാധ്യമങ്ങൾ വെളിപ്പെടുത്താൻ പാടില്ല. ഇക്കാര്യം മാധ്യമങ്ങൾ പാലിക്കണമെന്ന് കാണിച്ച് സ്ഥാപന മേധാവികൾക്ക് അറിയിപ്പ് നൽകാൻ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സെക്രട്ടറിക്കും, ഡയറക്ടർക്കും കമ്മീഷൻ നിർദ്ദേശം നൽകി. ദത്ത് മാതാപിതാക്കളുടേയും

കുട്ടിയുടെയും സ്വഭാവിക രക്ഷിതാക്കളുടെയും സ്വകാര്യത സംരക്ഷിക്കപ്പെടുന്നു എന്ന് ബന്ധപ്പെട്ടവർ ഉറപ്പാക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

ദത്ത് നടപടികൾ രക്ഷിതാക്കളുടെയും കുട്ടിയുടെയും സ്വകാര്യത പൂർണ്ണമായും പാലിക്കപ്പെടണമെന്ന് 2015ലെ ബാല നീതി നിയമം വ്യവസ്ഥ ചെയ്യുന്നു. കുട്ടികളുടെ സ്വകാര്യത ലംഘിച്ച് മാധ്യമങ്ങളിൽ വാർത്തകൾ നൽകുന്നത് നിയമവിരുദ്ധമാണ്.ആയത് 6 മാസം തടവോ, രണ്ട് ലക്ഷം രൂപ പിഴയോ, രണ്ടും ഒന്നിച്ചോ ലഭിക്കാവുന്ന കുറ്റകൃത്യമാണ്. ദത്തെടുക്കപ്പെടുന്ന കുട്ടിയുടേയോ രക്ഷിതാക്കളുടെയോ സ്വകാര്യത കാത്ത് സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം  വ്യക്തമാക്കി സമൂഹത്തിലെ മുഴുവൻ പേർക്കും ബോധവൽക്കരണം നൽകുന്നതിനുള്ള  നടപടി സ്വീകരിക്കാൻ സാമൂഹികനീതി-വനിതാ ശിശു വികസന വകുപ്പ് സെക്രട്ടറി, വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി പ്രോഗ്രാം മാനേജർ എന്നിവർക്ക് കമ്മീഷൻ നിർനിർദ്ദേശം നൽകി.

തന്റെ സമ്മതമില്ലാതെ മാതാപിതാക്കൾ കുഞ്ഞിനെ തന്നിൽ നിന്നും വേർപെടുത്തി നിർബന്ധിച്ചും ഭീഷണിപ്പെടുത്തിയും കടലാസുകളിൽ ഒപ്പിട്ടു വാങ്ങിയതായും കുട്ടിയെ തിരിച്ച് കിട്ടുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് കമ്മീഷൻ മുമ്പാകെ കുട്ടിയുടെ അമ്മ പരാതി നൽകിയിരുന്നു. ഹർജി ഫയലിൽ സ്വീകരിച്ച കമ്മീഷൻ സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം സിറ്റി പോലീസ് മേധാവി, വനിതാ ശിശു വികസന വകുപ്പ് സെക്രട്ടറി, ഡയറക്ടർ, പേരൂർക്കട സ്റ്റേഷൻ ഹൗസ് ഓഫീസർ, ശിശുക്ഷേമ സമിതി  ജനറൽ സെക്രട്ടറി, ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ, ജില്ലാ ശിശു സംരക്ഷണ ഓഫീസർ, എന്നിവർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ഈ മാസം 30നാണ് കേസിന്റെ  വിചാരണ.

പബ്ളിക് റിലേഷൻസ് ഓഫീസർ

.